LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 19, വ്യാഴം

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1985 സെപ്റ്റംബർ 19-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാണ്മുലം നൽകുന്ന ഉത്തരങ്ങൾ

മെഡിക്കൽ കോളേജുകളിലെ പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകളിലേക്ക് അഡ്മിഷനുള്ള മാനദണ്ഡം

* 183 [229] ശ്രീ. സി. കെ. ചന്ദ്രപ്പൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, ടി. കെ. ഹംസ:
,, വി. കേശവൻ:

ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ്;

(ബി) ഇതിനു വിരുദ്ധമായി ആർക്കെങ്കിലും ഈ വർഷം അഡ്മിഷൻ നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) മെഡിക്കൽ കോളേജുകളിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണ സ്ഥാനത്തിലും ബാക്കി 50 ശതമാനം സീറ്റുകൾ മെരിറ്റടിസ്ഥാനത്തിലുമാണ് പ്രവേശനം നൽകുന്നത്.

GCPT 2/1912/09/TP.-(13)

പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി കോഴ്സുകൾക്ക് 30 ശതമാനം സീറ്റുകൾ സംസ്ഥാന മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർമാർക്കും 10 ശതമാനം സീറ്റുകൾ ഹെൽത്ത് സർവ്വീസസ് വകുപ്പിലെ ഡോക്ടർമാർക്കും 10 ശതമാനം സീറ്റുകൾ പട്ടികജാതി—പട്ടികവർഗ്ഗത്തിൽപെട്ട അപേക്ഷകർക്കും വേണ്ടി സംവരണം ചെയ്തിട്ടുണ്ട്.

പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സുകൾക്ക് പത്തു ശതമാനം സീറ്റുകൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്കും, സൈക്കിയാട്രി, ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സുകളൊഴികെ ബാക്കിയുള്ള എല്ലാ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സിനുള്ള സീറ്റുകളിൽ 40 ശതമാനവും സൈക്കിയാട്രി, ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ കോഴ്സുകൾക്കുള്ള സീറ്റിൽ 20 ശതമാനവും ഹെൽത്ത് സർവ്വീസ് വകുപ്പിലെ ഡോക്ടർമാർക്കും സൈക്കിയാട്രി, ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ കോഴ്സുകൾക്കുള്ള സീറ്റുകളുടെ 20 ശതമാനം സീറ്റുകൾ സംസ്ഥാന മെഡിക്കൽ കോളേജുകളിലെ ട്യൂട്ടർമാർക്കും സംവരണം ചെയ്തിരിക്കുകയാണ്.

(ബി) വികലാംഗനായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫിസിയോളജി ട്യൂട്ടറായ ഡോ. വർഗ്ഗീസ് ജോണിന് എം.ഡി. ജനറൽ മെഡിസിനും, കോട്ടയം മെഡിക്കൽ കോളേജിലെ അനസ്തേഷ്യാ വകുപ്പിലെ ട്യൂട്ടറും ഇപ്പോൾ ഓബ്സ്റ്റാട്രിക്സ് ആൻറ് ഗൈനക്കോളജി വിഭാഗത്തിൽ വർക്കിങ്ങ് അറേഞ്ച്മെൻറിൽ ട്യൂട്ടറായി സേവനമനുഷ്ഠിക്കുന്ന ഡോ. പി. ബാലചന്ദ്രനും എം.ഡി. ഓബ്സ്റ്റാട്രിക്സ് ആൻറ് ഗൈനക്കോളജി കോഴ്സിനും 1984—85 വർഷത്തിൽ പ്രവേശനം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. സി.കെ. തങ്കപ്പൻ: മെഡിക്കൽ കോളേജുകളിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് ഇപ്പോൾ നിലവിൽ എത്ര വിദ്യാർത്ഥികളാണ് ഉള്ളത്? പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപേരാണ് ഈ രംഗത്ത് ഉള്ളത് എന്നു പറയുമോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴത്തെ എണ്ണമല്ലാതെ ഏതെല്ലാം സീറ്റുകളിൽ ആളുകളുണ്ട് എന്നുള്ള വിവരം ശേഖരിച്ച് പറയാം.

ശ്രീ. സി.കെ. തങ്കപ്പൻ: കേരളത്തിൽ സഹകാര്യമേഖലയിൽ മെഡിക്കൽ കോളേജ് അനുവദിക്കാൻ പോകുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഗവൺമെൻറിന് ഈ കാര്യത്തിൽ ഉള്ള നയമെന്താണ്?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയൊരു ആലോചനയില്ല.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: ബാലചന്ദ്രൻ എന്നു പറഞ്ഞ ഒരാളെ നിയമിച്ച കാര്യം ഇവിടെ പറഞ്ഞു. അദ്ദേഹത്തിൻറെ നിയമനത്തിന് എതിരായി വല്ല കേസ്സും കോടതിയിലുണ്ടായിരുന്നോ? അതിൻറെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: നിലവിലുണ്ട് എന്നാണ് അറിവ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: മുൻ മന്ത്രിയായിരുന്ന ശ്രീ. രാമചന്ദ്രൻനായർ നിയമവിരുദ്ധമായി ബാലചന്ദ്രനെ നിയമിച്ചതാണ് അങ്ങനെയൊരു കേസ്സ് ഉണ്ടാകാൻ കാരണമെന്നുള്ളത് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: അതാണ് കേസ്സിന്റെ വാദം.

ശ്രീ. വി. കേശവൻ: പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് അഡ്മിഷൻ കൊടുക്കുന്നതിൽ 1984–85–ലെ പ്രോസ്പെക്റ്റസ് അനുസരിച്ച് ഓരോ വിഭാഗത്തിലും ട്യൂട്ടറായിരിക്കുന്ന ആൾക്ക് മാത്രമേ ആ വിഭാഗത്തിൽ കൊടുക്കാവൂ എന്ന വ്യവസ്ഥ ഉണ്ട്. ആ വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് ബാലചന്ദ്രനെ, അനസ്തേഷ്യാ വിഭാഗത്തിലെ ട്യൂട്ടറല്ലാത്ത ആളിനെ എടുത്തത് എന്നുള്ളതിനെപ്പറ്റി ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ച് മെഡിക്കൽ കോളേജിലേക്ക് റിസർവ്വ് ചെയ്ത സീറ്റിൽ ട്യൂട്ടേഴ്സിന്റെ ആവശ്യമായ അപേക്ഷ ഇല്ലെങ്കിൽ ആ സീറ്റ് ഹെൽത്ത് സർവ്വീസസിലുള്ള ആൾക്ക് കൊടുക്കും. അതുപോലെതന്നെ ഹെൽത്ത് സർവ്വീസസിന് റിസർവ്വ് ചെയ്തിട്ടുള്ള സീറ്റിൽ ഹെൽത്ത് സർവ്വീസസിൽ അത്രയും ആളുകൾ വരുന്നില്ലായെങ്കിൽ ആ സീറ്റ് ട്യൂട്ടേഴ്സിന് കൊടുക്കും. ഈ ചട്ടങ്ങൾ അനുസരിച്ചല്ല ബാലചന്ദ്രന്റെ നിയമനം നടത്തിയിട്ടുള്ളത് എന്നുള്ളതാണ് പരാതി. ആ ചട്ടങ്ങൾക്ക് പൂർണ്ണമായും യോജിച്ച നിലയിലല്ല.

ശ്രീ. വി. കേശവൻ: അങ്ങനെ പൂർണ്ണമായും യോജിച്ച നിലയിലല്ല ബാലചന്ദ്രനെ എടുത്തത് എന്നു പറഞ്ഞു. ഈ ക്രമക്കേട് പരിഹരിക്കാനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ബാലചന്ദ്രനെ നിയമിച്ചിട്ടുള്ളത് ഒരു വികലാംഗനാണ് എന്ന നിലയിൽ ഉള്ള പ്രത്യേക പരിഗണന വച്ചു കൊണ്ടാണ് എന്നാണ് രേഖയിൽനിന്ന് മനസ്സിലാകുന്നത്.

ശ്രീമതി കെ.ആർ. ഗൗരി: ബാലചന്ദ്രന്റെ അപേക്ഷ 'kept in abeyance' എന്നു പറഞ്ഞുകൊണ്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ലിസ്റ്റിൽപ്പെടുത്താതെ രണ്ടാമത് അനധികൃതമായി കൊടുത്തതാണ്. സാധാരണ ഗൈനക്കോളജിയിൽ അപേക്ഷിക്കുന്ന ആളുകൾ മെഡിക്കൽ കോളേജിൽ നിന്നില്ലെങ്കിൽ ഹെൽത്ത് സർവ്വീസസിലെ അസിസ്റ്റൻറ് സർജൻസിന് കൊടുക്കണമെന്ന രീതിക്ക് വ്യത്യസ്തമായി കാളിഫെഡായിട്ടുള്ള അസിസ്റ്റൻറ് സർജൻ ഉണ്ടായിരുന്നപ്പോൾ കൊടുക്കാതെ മനഃപൂർവ്വം ഈ സീറ്റ് 'kept in abeyance' എന്നു പറഞ്ഞ് മാറ്റിവച്ചതിനു ശേഷം ഇയാൾക്ക് മനഃപൂർവ്വം കൊടുക്കുകയല്ലേ ഉണ്ടായത്? ഹെൽത്ത് സർവ്വീസസിൽ ഉണ്ടായിരുന്ന ആളുകൾക്ക് കൊടുക്കാതെ മറ്റേ യാളിന് കൊടുക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. കരുണാകരൻ: അത് ഒരു വികലാംഗനെന്ന പരിഗണന വച്ചാണ് കൊടുത്തിട്ടുള്ളത്, അതിന്റെ ഡീറെയിൽസിലേക്ക് കടക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം ഇപ്പോഴും ഈ കേസ് നിലവിലുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി: ഒരു കേസ് വന്നാൽ ആറുമാസത്തിനകം ആ കേസ് ഡിസ്പോസ് ചെയ്യണം, അല്ലെങ്കിൽ ഇക്കൊല്ലം ആളിനെ എടുക്കാൻ പറ്റുകയില്ല. ഈ കേസ്സ് കൊടുത്തു കഴിഞ്ഞിട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പിന്നേയും പിന്നേയും 6 മാസമാകാൻ പോകുമ്പോഴും നീട്ടിക്കൊണ്ടുപോകുന്നത് മാറി ഈ കേസ്സ് വേഗം ഡിസ്പോസ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റ് പ്ലീഡർമാർക്ക് ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം കൊടുക്കാം.

വികലാംഗരുടെ നിയമനം

* 184 [230] ശ്രീ. പി. കെ. കെ. ബാവ:
,, കെ.പി.എ. മജീദ്:
,, കെ.പി. രാമൻ:
,, സി.റ്റി. അഹമ്മദലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഒരു വർഷം 100 വികലാംഗരെ നിയമിക്കുവാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്ത് മാനദണ്ഡത്തിലാണ് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ)

(എ) ഉണ്ട്. സംസ്ഥാനത്തെ സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ്ഗ്രേഡ് സർവ്വീസ്, പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് എന്നിവയിലോരോന്നിലും 50 വീതം പ്രതിവർഷം 150 നിയമനങ്ങളും വികലാംഗർക്ക് നൽകാൻ തീരുമാനിക്കുകയും അതിലേയ്ക്കായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സമൂഹത്തിലെ ദുർബ്ബലവിഭാഗമായ വികലാംഗരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിന് ഉദ്യോഗനിയമനരംഗത്ത് സംരക്ഷണം നൽകേണ്ടത് അനിവാര്യമാണെന്ന് ഗവൺമെന്റ് കരുതി. സർവ്വീസിൽ നേരിട്ടുള്ള നിയമനം നടത്തുന്നതുവഴി മാത്രമേ ഇക്കാര്യം സാദ്ധ്യമാകുകയുള്ളുവെന്നും ഗവൺമെന്റിനു ബോദ്ധ്യമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: ഇങ്ങനെ വികലാംഗരെ നിയമിക്കുമ്പോൾ നിലവിലുള്ള സാമുദായിക സംവരണതത്വം പാലിക്കുന്നതിന് വല്ല നിബന്ധനയും വച്ചിട്ടുണ്ടോ? അങ്ങനെ ഇത് പാലിക്കുമെന്നുള്ളതിന് വല്ല ഉറപ്പും നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly